പതിമൂന്നാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

<u>നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം. 3767. 26-06-2012 ന് മറുപടിയ്ക്ക്</u>

<u>മലയാറ്റൂർ നാച്ചുറൽ സ്റ്റഡി സെന്റർ</u>

| <u>ചോദ്യം</u> | <u>ഉത്തരം</u> |
|---|---|
| ശ്രീ. ജോസ് തെറ്റയിൽ : | ശ്രീ. കെ.ബി. ഗണേഷ് കുമാർ.<br>(വനവും സ്പോർട്സും സിനിമയും വകുപ്പ് മന്ത്രി ) |
| എ) മലയാറ്റൂർ നാച്ചുറൽ സ്റ്റഡി സെന്ററിന്റെ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുന്നതിനും വിപുലീകരിക്കുന്നതിനും എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ ; | എ) മലയാറ്റൂർ ഡിവിഷനിൽ കോടനാട് റെയിഞ്ചിന്റെ കീഴിലുണ്ടായിരുന്ന കപ്രിക്കാട് അഭയാരണ്യം പദ്ധതിയും, നെടുമ്പാശ്ശേരിയിലെ സുവർണ്ണോദ്യാനം പദ്ധതിയും, എറണാകുളത്തുള്ള മംഗളവനം പക്ഷി സങ്കേതവും മലയാറ്റൂർ നാച്ചുറൽ സ്റ്റഡി സെന്ററിനോട് ചേർത്ത് പ്രവർത്തനങ്ങൾ വിപുലീകരിച്ചിട്ടുണ്ട്. മാത്രമല്ല ഈ ഓഫീസിന്റെ പ്രവർത്തനം സുഗമമാക്കുന്നതിന് കൂടുതൽ ജിവനക്കാരെ നിയോഗിക്കുകയും ചെയ്തിട്ടുണ്ട്. |
| ബി) പ്രസ്തുത പ്രവർത്തനങ്ങൾക്കായി കേന്ദ്ര സഹായം ഉൾപ്പെടെയുള്ള ഫണ്ട് ലഭ്യമാക്കുന്നതിന് നടപടികൾ | ബി) കപ്രിക്കാട്ടുള്ള അഭയാരണ്യം പദ്ധതി, നെടുമ്പാശ്ശേരിയിലെ സുവർണ്ണോദ്യാനം പദ്ധതി, എറണാകുളത്തുള്ള |

സ്വീകരിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ എന്തെല്ലാമെന്ന് വിശദമാക്കാമോ ;

മംഗളവനം പക്ഷി സങ്കേതം എന്നിവയുടെ പ്രവർത്തനങ്ങൾക്കായി കേന്ദ്ര സഹായം ഉൾപ്പെടെയുള്ള ഫണ്ട് ലഭ്യമാക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ട്. കപ്രിക്കാട് അഭയാരണ്യത്തിന്റെ വിപുലീകരണത്തിനായി 2012-13 വർഷത്തേക്ക് 20 ലക്ഷം രൂപ ആദ്യ ഗഡുവായി അനുവദിച്ചിട്ടുണ്ട്.

സി) ഔഷധ സസ്യത്തോട്ടത്തിന്റെ പ്രവർത്തനങ്ങൾ വിപുലീകരിക്കുവാൻ നടപടി സ്വീകരിക്കുമോ ; എങ്കിൽ എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ ?

സി) ഔഷധ തോട്ടത്തിന്റെ പ്രവർത്തനങ്ങൾ വിപുലീകരിക്കുന്നതിന്റെ ഭാഗമായി താഴെപ്പറയുന്ന പദ്ധതികൾ ആസൂത്രണം ചെയ്തിട്ടുണ്ട്.

1. വിദ്യാർത്ഥികൾക്കും പൊതുജനങ്ങൾക്കും ഔഷധ സസ്യങ്ങൾ സംബന്ധിച്ച അവബോധം വർദ്ധിപ്പിക്കുന്നതിനായി ഔഷധ സസ്യങ്ങളുടെ പ്രാദേശിക നാമം, ശാസ്ത്രീയ നാമം, സസ്യകുടുംബം, ഉപയോഗങ്ങൾ, ഏതൊക്കെ സസ്യഭാഗങ്ങൾ ഉപയോഗപ്പെടുത്തുന്നു എന്നീ വിവരങ്ങൾ ഉൾക്കൊള്ളിച്ചുകൊണ്ട് ബോർഡുകൾ സ്ഥാപിക്കൽ.

2. ഔഷധ തോട്ടത്തിനകത്ത് നടപ്പാത നിർമ്മിക്കൽ.
3. ഔഷധ തോട്ടത്തിന് ചുറ്റുമായി സംരക്ഷണ വേലി നിർമ്മിക്കൽ.
4. കൂടുതൽ ഔഷധ സസ്യങ്ങൾ ശേഖരിച്ച് സംരക്ഷിച്ച് ഔഷധ തോട്ടം വിപുലപ്പെടുത്തൽ.

പ്രസ്തുത പ്രവർത്തികൾ ഫണ്ടിന്റെ ലഭ്യതയനുസരിച്ച് നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

സെക്ഷൻ ഓഫീസർ